**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **19-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ അദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | നിലവിൽ കോളേജ് അദ്ധ്യാപകർക്കും യൂണിവേഴ്സിറ്റി ജീവനക്കാർക്കും മാത്രം നൽകിവരുന്ന പാർട്ട് ടൈമായി പി.എച്ച്.ഡി. ചെയ്യുവാനുള്ള അനുവാദം സ്കൂൾ അദ്ധ്യാപകർക്കും പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അനുവദിക്കാൻ തയ്യാറാകുമോ; | (എ) | കേരള സർവ്വകലാശാല, മഹാത്മാ ഗാന്ധി സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, മലയാള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ സ്കൂൾ അദ്ധ്യാപകർക്ക് പാർട്ട് ടൈമായി പി.എച്ച്.ഡി. ചെയ്യുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. യോഗ്യരായ അദ്ധ്യാപകർക്ക് പി.എച്ച്.ഡി. ചെയ്യുവാനുള്ള അനുമതി നൽകുന്നതിന് തയ്യാറാണെന്ന് കണ്ണൂർ സർവ്വകലാശാലയും അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇത് അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും ഗുണനിലവാരം ഉയർത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് സ്കൂൾ അധ്യയനം മികവുറ്റതാക്കും. |

സെക്ഷൻ ഓഫീസർ